"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല — വേളം ഗ്രാമപഞ്ചായത്ത് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3 - 8 - തടസ്സപ്പെടുത്തിയ തുക- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.251/2023/LSGD തീയതി,തിരുവനന്തപുരം, 28-01-2023

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 09.08.2018 ലെ പി എ എൻ/21387/2018- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12.12.2022 ലെ ഡി.കെ.എസ്.എ 1034/പി.റ്റി3(പി.റ്റി2)/2022 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിൽ വാഹന വാടകയിനത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധിയിൽക്കവിഞ്ഞ് ചെലവഴിച്ച 4,165/- രൂപ 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് വാഹനം യഥാസമയം അറ്റകുറ്റപണി നടത്താത്തതിനാൽ വാഹന വാടകയിനത്തിൽ 4,165/- രൂപ അധികം ചെലവഴിക്കേണ്ടി വരുകയുണ്ടായെന്നും ടി തുകയാണ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരിക്കുന്നതെന്നും അറിയിച്ചിരിക്കുന്നു. 2014-2015 വർഷം പഞ്ചായത്തിന്റെ വാഹനം കേടായതിനാൽ റിപ്പയർ ചെയ്യാൻ വൻതുക ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടത് പ്രകാരം പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ എഞ്ചിനീയറോട് എസ്റ്റിമേറ്റും സാക്ഷ്യപത്രവും അനുവദിക്കാൻ അപേക്ഷ സമർപ്പിച്ചെങ്കിലും ആയത് ലഭിക്കാൻ കാലതാമസം നേരിടുകയും അക്കാരണത്താൽ അത്യാവശ്യ യാത്രകൾക്കായി വാഹനം വാടകയ്ക്ക് വിളിക്കേണ്ടി വന്നുവെന്നും ടി സാഹചര്യത്തിലാണ് 4,165/- രൂപ അധികം ചെലവഴിക്കേണ്ടി വന്നതെന്നും ആയതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട് .

3. ഗ്രാമപഞ്ചായത്തിന്റെ കേടായ വാഹനം റിപ്പയർ ചെയ്യുന്നതിന് എസ്റ്റിമേറ്റും സാക്ഷ്യപത്രവും അനുവദിക്കാൻ പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും തുടർനടപടികൾ വൈകിയതിനാലാണ് പൊതുഗതാഗത സൗകര്യം കുറഞ്ഞതും മലയോരമേഖലയിൽ സ്ഥിതി ചെയ്യുന്നതുമായ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അത്യാവശ്യയാത്രകൾക്കായി വാഹനം വാടകയ്ക്ക് ഉപയോഗിച്ചതെന്ന വസ്തുത പരിഗണിച്ച് സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രം ചെലവുകൾ ചെയ്യുക, രേഖകൾ ക്രമപ്രകാരം സൂക്ഷിക്കുക എന്നിവ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയോടെ വേളം ഗ്രാമപഞ്ചായത്തിന്റെ 2014-2015 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 ലെ പരാമർശത്തിന് സാധൂകരണം

നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ , സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം , ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രം ചെലവുകൾ ചെയ്യുക, രേഖകൾ ക്രമപ്രകാരം സൂക്ഷിക്കുക എന്നിവ കർശനമായി പാലിക്കണമെന്ന നിർദ്ദേശത്തോട് കൂടി കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 പ്രകാരം തടസ്സപ്പെടുത്തിയ 4165/- രൂപയുടെ ( നാലായിരത്തി ഒരുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം ) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വേളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ